സമൂഹവും അകാരണമായി മന്ദഗതിയിൽ ദീർഘിപ്പിച്ചുപോകുന്ന അന്വേഷണത്തെ വളരെ സംശയാസ്പദമായ രീതിയിലാണ് വീക്ഷിക്കുന്നത്. കുറ്റവാളികളെ രക്ഷപ്പെടാനിടയുള്ള ചില സാഹചര്യങ്ങളുണ്ട്. ആഭ്യന്തര വകുപ്പു കൈകാര്യം ചെയ്യുന്ന ബഹുമാന്യനായ മുഖ്യമന്ത്രി ഇക്കാര്യത്തിൽ കേന്ദ്രത്തോട് നേരിട്ട് ഇടപെട്ട് അന്വേഷണം എത്രയും വേഗം പൂർത്തിയാക്കുകയും, കുറ്റക്കാരെ കണ്ടുപിടിച്ച് മാതൃകാപരമായി ശിക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ബഹുമാനപ്പെട്ട ടി. കെ. രാമകൃഷ്ണനും, തോമസ് ചാഴികാടനും പ്രകടിപ്പിച്ച വികാരങ്ങളും; കേസന്വേഷണം നീണ്ടു പോകുന്നതിൽ നാട്ടിലുള്ള ജനങ്ങളുടെ വികാരത്തിന്റെ പ്രതിഫലനമാണെന്നു മനസ്സിലായി. സിസ്റ്റർ അഭയയുടെ മരണം സംബന്ധിച്ചും അതിനെ ചുറ്റിപ്പറ്റിയുള്ള സംശയങ്ങൾക്ക് നിവാരണമുണ്ടാക്കി സത്യാവസ്ഥ പുറത്തുകൊണ്ടുവരണമെന്നതും കേരളത്തിന്റെ പൊതു വികാരമാണ്. ഈ വികാരം മാനിച്ചുകൊണ്ടും കേസ് അന്വേഷണം കൂടുതൽ ഫലപ്രദമായി നടത്തുന്നതിനും ജനങ്ങളുടെ അഭിലാഷം മാനിച്ചുകൊണ്ടുമാണ് സി. ബി. ഐ.-ക്ക് വിട്ടത്. ഈ കേസന്വേഷണം സി. ബി. ഐ. ഏറെടുത്തുവെങ്കിലും ഇതുവരെ ഒരിടത്തുമെത്തിയിട്ടില്ല. സി. ബി. ഐ. യുടെ അന്വേഷണ വിവരങ്ങളും സംസ്ഥാന ഗവൺമെന്റിനെ അറിയിക്കാറില്ല. കേസന്വേഷണം സംബന്ധിച്ച് സഭയ്ക്കകത്തും പുറത്തും ഉള്ള വികാരം കണക്കിലെടുത്ത് കേന്ദ്രഗവൺമെന്റിനെ സംസ്ഥാന ഗവൺമെന്റ് അറിയിക്കുകയും ഉടൻ തന്നെ നടപടികളും സ്വീകരിക്കുകയും ചെയ്യാമെന്ന് ഈ അവസരത്തിൽ അറിയിക്കുകയാണ്.

(3) ഇടുക്കി ജില്ലാ വികസനം

ശ്രീ. മാത്യു സ്റ്റീഫൻ : സർ, ഇടുക്കി ജില്ല രൂപംകൊണ്ടിട്ട് 25 വർഷക്കാലം കഴിഞ്ഞിരിക്കുകയാണ്. 25 വർഷക്കാലം പൂർത്തിയാക്കിയ ഈ ജില്ലയുടെ ആസ്ഥാന കേന്ദ്രത്തിൽ പ്രാഥമികമായ സൗകര്യങ്ങളും പോലും ഇന്ന് ലഭ്യമല്ല. അവിടെ വരുന്ന ഉദ്യോഗസ്ഥൻമാർക്ക് താമസിക്കാനുള്ള ക്വാർട്ടേഴ്സുകളോ, അവരുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നതിന് സ്കൂളുകളോ, കോളേജുകളോ ഇന്ന് നിലവിലില്ല. ഇടുക്കി ജില്ലയിലെ അഞ്ച് നിയോജകമണ്ഡലങ്ങളിലേയും ജനങ്ങൾ അവരുടെ ജില്ലാതല ആവശ്യങ്ങൾക്കുവേണ്ടി വരുന്നത് പൈനാവിലും വാഴത്തോപ്പിലുമാണ്. ആ പ്രദേശങ്ങൾ ഇന്നും വനഭൂമിയായി നിൽക്കുന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഒരു പ്രോജക്ട് എന്നുള്ള നിലയിൽ പുതിയ വനനിയമം വരുന്നതിനുമുൻപുതന്നെ ഈ സ്ഥലം റവന്യൂ വകുപ്പിന് കൈമാറാനുള്ള അനുമതി ഉണ്ടായിരുന്നതാണ്. അതു സംബന്ധിച്ച് പിന്നീട് ഒരു തീരുമാനം എടുത്തിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തെ സംബന്ധിച്ച് വളരെ താൽപ്പര്യപൂർവ്വം കോൺഫറൻസ് വിളിച്ചുകൂട്ടി കുറെ കാര്യങ്ങളും ചെയ്തിട്ടുണ്ട്. ഇപ്പോഴും വനഭൂമി വിട്ടുകൊടുക്കുന്നില്ലെന്നുള്ള കാരണത്തിന്റെ പേരിൽ ഇടുക്കി ജില്ലാ ആസ്ഥാന വികസനം ഒരു സ്വപ്നമായി മാത്രം നിൽക്കുകയാണ്. രാവിലെ എഴുന്നേറ്റാൽ അവിടത്തെ ജീവനക്കാർ കാണുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ചുറ്റുവട്ടത്തു നിൽക്കുന്ന ആറ് കൂട്ടത്തെയാണ്. ഒരു കടുംകാപ്പി കുടിക്കാനുള്ള ചെറിയ കാൻറീൻ പോലും ആ ജില്ലാ ആസ്ഥാന പ്രദേശത്തില്ല. ഇടുക്കി ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ അടിയന്തിരമായി ജില്ലാ ആസ്ഥാനത്തേക്ക് മാറ്റാനും, ജില്ലാ ആസ്ഥാനത്തിൻറെ വികസനത്തിനാവശ്യമായ ഭൂമി അടിയന്തിരമായി വിട്ടുകൊടുക്കാനും ഇടുക്കി ജില്ലാ ആസ്ഥാനത്തിൻറെ രണ്ടാം ഘട്ട പ്രവർത്തനം ആരംഭിക്കാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാണിക്കുന്ന താൽപ്പര്യം കൂടുതൽ ശുഷ്കാന്തിയോടുകൂടി ഈ ഘട്ടത്തിൽത്തന്നെ നടപ്പിലാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി) : സർ, ശ്രീ. മാത്യു സ്റ്റീഫൻ ഇവിടെ ഉന്നയിച്ച പ്രശ്നം ഇടുക്കി ജില്ലയിലെ മുഴുവൻ ജനങ്ങളുടേയും ഒരു പൊതുവായ പ്രശ്നമാണ്. ഗവൺമെൻറിന് ഈ പ്രശ്നത്തിൻറെ ഗൗരവം അറിയാം, ഇടുക്കിയിലെ ജനങ്ങൾക്ക് മാത്രമല്ല, അവിടത്തെ കളക്ടറേറ്റിൽ പണിയെടുക്കുന്ന ജീവനക്കാർക്ക് പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്താൻപോലും കഴിയുന്നില്ല. കാരണം വന സംരക്ഷണ നിയമത്തിൻറെ പേരിൽ അവിടെ പുതിയ കെട്ടിടങ്ങൾ ഉണ്ടാക്കാൻ പാടില്ലെന്നുള്ള തടസ്സമാണ്. ഈ തടസം മറികടക്കാൻവേണ്ടി ഗവൺമെൻറ് എല്ലാ ശ്രമങ്ങളും നടത്തുകയാണ്. യഥാർത്ഥത്തിൽ 1980-ലെ വന സംരക്ഷണ നിയമം ഇവിടെ പ്രാബല്യത്തിൽ വന്നില്ലെന്നാണ്. പല തലത്തിൽ നിന്നും ഗവൺമെൻറിന് കിട്ടിയ ഉപദേശം. ഇതു സംബന്ധിച്ച് അവസാന തീരുമാനം എടുക്കുന്നതിനു മുൻപ് നിയമ വകുപ്പിൻറെ അഭിപ്രായം അറിയാൻ ഗവൺമെൻറ് ശ്രമിക്കുന്നതാണ്. നിയമ വകുപ്പിൻറെ അഭിപ്രായം കൂടി ആരാഞ്ഞതിനുശേഷം ഇതു സംബന്ധിച്ച തടസ്സങ്ങൾ മാറ്റി ഇടുക്കി ജില്ല കളക്ടറേറ്റിൻറെ വികസനവും അവിടത്തെ ജനങ്ങളുടെ ചിരകാലാഭിലാഷവും പൂർത്തീകരിക്കാൻ ഗവൺമെൻറ് ആത്മാർത്ഥമായ ശ്രമം നടത്തുമെന്ന് ഞാൻ ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്.

(4) പട്ടികജാതിക്കാർക്ക് ലഭിക്കുന്ന സംവരണാനുകൂല്യങ്ങൾ

ശ്രീ. വി. കെ. ബാബു : സർ, കേരളത്തിലെ എസ്. സി./എസ്. ടി വിഭാഗത്തിലേക്ക് ചില സമുദായങ്ങളെക്കൂടി ഉൾപ്പെടുത്തണമെന്ന് പറയുന്നതുമൂലം ഇന്ന് കേരളത്തിലെ എസ്. സി./എസ്. ടി. വിഭാഗത്തിന് കിട്ടുന്ന ആനുകൂല്യം കുറയാൻ പോവുകയാണ്. കേരളത്തിലാകെ പത്തു ശതമാനം ആനുകൂല്യമാണ് ഇന്ന് എസ്. സി./ എസ്. ടി. വിഭാഗത്തിന് കൊടുക്കുന്നത്. അതിലേക്കാണ് വീണ്ടും ചില സമുദായങ്ങളെക്കൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുന്നത്. സ്വാഭാവികമായിട്ടും അതുമൂലം കേരളത്തിലെ എസ്. സി./എസ്. ടി. വിഭാഗത്തിന് കിട്ടുന്ന ആനുകൂല്യം കുറയും. അതുകൊണ്ട് ഇപ്പോഴത്തെ ആനുകൂല്യങ്ങൾ കുറയാതിരിക്കാൻ ഈ സംസ്ഥാനത്ത് സംവരണം വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly